**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 643** — **06-12-2022 - ൽ മറുപടിയ്ക്ക്**

**വ്യവസായ മേഖലയിലെ വിദേശ നിക്ഷേപം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എൻ . ഷംസുദ്ദീൻ,<br>ശ്രീ. പി . ഉബൈദുള്ള ,<br>ശ്രീ. നജീബ് കാന്തപുരം,<br>ശ്രീ. കെ. പി. എ. മജീദ്** | | **ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് വിദേശ വ്യവസായ നിക്ഷേപം വർദ്ധിപ്പിക്കുന്നതിനായി 2016 മുതൽ മന്ത്രിമാരുടെ നേതൃത്വത്തിൽ വിദേശയാത്രകൾ നടത്തിയിരുന്നോ; | (എ) | ഉണ്ട് . |
| (ബി) | ഈ യാത്രകളുടെ ഫലമായി സംസ്ഥാനത്ത് എത്ര കോടി രൂപയുടെ നിക്ഷേപം ഉണ്ടായിട്ടുണ്ടെന്നറിയിക്കാമോ; | (ബി) | 2019-ൽ ബഹു: മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ വ്യവസായവകുപ്പ് മന്ത്രി ഉൾപ്പെട്ട സംഘം ജപ്പാൻ, കൊറിയ എന്നീ രാജ്യങ്ങൾ സന്ദർശിച്ചതിനെത്തുടർന്ന് ഉണ്ടായ വ്യവസായ നിക്ഷേപ നിർദ്ദേശങ്ങളിൽ പ്രധാനമായവ<br><br>(i) നീറ്റാ ജലാറ്റിൻ കമ്പനി അവരുടെ കേരളത്തിലെ ഫെസിലിറ്റീസ് വികസിപ്പിക്കുന്നതിനുള്ള 200 കോടി രൂപയുടെ അധിക നിക്ഷേപം നടത്താനുള്ള പദ്ധതിയും<br><br>(ii) ജപ്പാനിലെ ടെറുമോ കോർപ്പറേഷൻ അവരുടെ സമ്പൂർണ്ണ ഉടമസ്ഥതയിലുള്ള സബ്സിഡിയറി കമ്പനിയായ തിരുവനന്തപുരത്തെ ടെറുമോ പെൻപോളിൽ 105 കോടി രൂപയുടെ നിക്ഷേപം നടത്തുന്നതിനുള്ള പദ്ധതിയും ആയിരുന്നു. ഇതിൽ നീറ്റ ജലാറ്റിൻ ഇന്ത്യ ലിമിറ്റഡിന്റെ കേരളത്തിലെ അടിസ്ഥാന സൗകര്യങ്ങൾ വിപുലീകരിക്കുന്നതിനായുള്ള 107 കോടി രൂപയുടെ പദ്ധതി കമ്പനിയുടെ ഡയറക്ടർ ബോർഡ് അംഗീകരിക്കുകയും വിശദമായ പ്രോജക്ട് റിപ്പോർട്ടിന്റെ (ഡിപിആർ) അടിസ്ഥാനത്തിൽ ഈ പദ്ധതിക്കായി കാക്കനാട്ടെ കിൻഫ്ര ഇൻഡസ്ട്രിയൽ പാർക്കിൽ സ്ഥലം അനുവദിച്ചു നൽകിയിട്ടുമുണ്ട്. പദ്ധതി പുരോഗമിക്കുകയാണ്.<br><br>അതുപോലെ ടെറുമോ പെൻപോളിന്റെ നിക്ഷേപ നിർദ്ദേശവുമായി ബന്ധപ്പെട്ട പുതിയ ഫാക്ടറി (ബ്ലഡ് ബാഗ് കപ്പാസിറ്റി എക്സ്പാൻഷൻ പ്രൊജക്ട്) 2022 |

| | | | |
|---|---|---|---|
| | | | ഫെബ്രുവരിയിൽ തിരുവനന്തപുരം പുളിയറകോണത്ത് പ്രവർത്തനം ആരംഭിച്ചതായും അതിന്റെ ഭാഗമായി 17 മില്ല്യൺ യു.എസ് ഡോളറിന്റെ (ഏകദേശം 137 കോടി രൂപ) നിക്ഷേപം ഉണ്ടായതായും കമ്പനി സർക്കാരിനെ അറിയിച്ചിട്ടുണ്ട്. വിദേശയാത്രയുടെ ഭാഗമായി ഉരുത്തിരിഞ്ഞ മറ്റ് നിക്ഷേപ നിർദ്ദേശങ്ങളിൽ, സാധ്യതയുള്ളവയുടെ കാര്യത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നുണ്ട്. 2021 ഒക്ടോബർ 1 മുതൽ 2022 മാർച്ച് 31 വരെ ദുബായിൽ നടന്ന 'ദുബായ് വേൾഡ് എക്സ്പോ 2020-ൽ' ഇന്ത്യ പവിലിയന്റെ ഭാഗമായി ' കേരള വീക്ക് ' 2022 ഫെബ്രുവരി 4 മുതൽ 10 വരെ നടത്തപ്പെടുകയുണ്ടായി. ബഹു: മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ വ്യവസായ വകുപ്പ്, നോർക്ക, ടൂറിസം, സ്റ്റാർട്ടപ്പ് മിഷൻ, കേസ് (KASE), ഒഡേപക് എന്നീ വകുപ്പുകളും ഏജൻസികളും, സംരംഭകരുമായി വിവധതലത്തിലുള്ള കൂടിക്കാഴ്ചകളും ആശയവിനിമയങ്ങളും നടത്തിയിരുന്നു. ദുബായ് സന്ദർശനത്തിന്റെ ഫലമായി ഇതിനകം 170 കോടി രൂപയുടെ നിക്ഷേപം വന്നിട്ടുണ്ട്. നിക്ഷേപ സാധ്യതകൾ സംബന്ധിച്ച തുടർചർച്ചകൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് മാത്രമേ കൂടുതൽ നിക്ഷേപം സംബന്ധിച്ച കൃത്യമായ ചിത്രം വ്യക്തമാകുകയുള്ളൂ. |
| (സി) | നിക്ഷേപ വാഗ്ദാനങ്ങളിൽ തുടർനടപടി സ്വീകരിച്ചു വരുന്നതിന്റെ നിലവിലെ അവസ്ഥ വിശദമാക്കുമോ; | (സി) | 2019-ൽ ബഹു: മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ വ്യവസായവകുപ്പ് മന്ത്രി ഉൾപ്പെട്ട സംഘം ജപ്പാൻ, കൊറിയ എന്നീ രാജ്യങ്ങൾ സന്ദർശിച്ചതിനെത്തുടർന്ന് ഉണ്ടായ വ്യവസായ നിക്ഷേപ നിർദ്ദേശങ്ങളിൽ പ്രധാനമായവ<br><br>(i) നീറ്റാ ജലാറ്റിൻ കമ്പനി അവരുടെ കേരളത്തിലെ ഫെസിലിറ്റീസ് വികസിപ്പിക്കുന്നതിനുള്ള 200 കോടി രൂപയുടെ അധിക നിക്ഷേപം നടത്താനുള്ള പദ്ധതിയും<br><br>(ii) ജപ്പാനിലെ ടെറുമോ കോർപ്പറേഷൻ അവരുടെ സമ്പൂർണ്ണ ഉടമസ്ഥതയിലുള്ള സബ്സിഡിയറി കമ്പനിയായ തിരുവനന്തപുരത്തെ ടെറുമോ പെൻപോളിൽ 105 കോടി രൂപയുടെ നിക്ഷേപം നടത്തുന്നതിനുള്ള പദ്ധതിയും ആയിരുന്നു. ഇതിൽ നീറ്റ ജലാറ്റിൻ ഇന്ത്യ ലിമിറ്റഡിന്റെ കേരളത്തിലെ അടിസ്ഥാന സൗകര്യങ്ങൾ വിപുലീകരിക്കുന്നതിനായുള്ള 107 കോടി രൂപയുടെ പദ്ധതി കമ്പനിയുടെ ഡയറക്ടർ ബോർഡ് അംഗീകരിക്കുകയും വിശദമായ പ്രോജക്റ്റ് റിപ്പോർട്ടിന്റെ (ഡിപിആർ) അടിസ്ഥാനത്തിൽ ഈ പദ്ധതിക്കായി കാക്കനാട്ടെ കിൻഫ്ര ഇൻഡസ്ട്രിയൽ |

| | | | |
|---|---|---|---|
| | | | പാർക്കിൽ സ്ഥലം അനുവദിച്ചു നൽകിയിട്ടുമുണ്ട്. പദ്ധതി പുരോഗമിക്കുകയാണ്.<br><br>അതുപോലെ ടെറുമോ പെൻപോളിന്റെ നിക്ഷേപ നിർദ്ദേശവുമായി ബന്ധപ്പെട്ട പുതിയ ഫാക്ടറി (ബ്ലഡ് ബാഗ് കപ്പാസിറ്റി എക്സ്പാൻഷൻ പ്രൊജക്ട്) 2022 ഫെബ്രുവരിയിൽ തിരുവനന്തപുരം പുളിയറകോണത്ത് പ്രവർത്തനം ആരംഭിച്ചതായും അതിന്റെ ഭാഗമായി 17 മില്ല്യൺ യു.എസ് ഡോളറിന്റെ (ഏകദേശം 137 കോടി രൂപ) നിക്ഷേപം ഉണ്ടായതായും കമ്പനി സർക്കാരിനെ അറിയിച്ചിട്ടുണ്ട്. വിദേശയാത്രയുടെ ഭാഗമായി ഉരുത്തിരിഞ്ഞ മറ്റ് നിക്ഷേപ നിർദ്ദേശങ്ങളിൽ, സാധ്യതയുള്ളവയുടെ കാര്യത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നുണ്ട്. 2021 ഒക്ടോബർ 1 മുതൽ 2022 മാർച്ച് 31 വരെ ദുബായിൽ നടന്ന 'ദുബായ് വേൾഡ് എക്സ്പോ 2020-ൽ' ഇന്ത്യ പവിലിയന്റെ ഭാഗമായി ' കേരള വീക്ക് ' 2022 ഫെബ്രുവരി 4 മുതൽ 10 വരെ നടത്തപ്പെടുകയുണ്ടായി. ബഹു: മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ വ്യവസായ വകുപ്പ്, നോർക്ക, ടൂറിസം, സ്റ്റാർട്ടപ്പ് മിഷൻ, കേസ് (KASE), ഒഡേപക് എന്നീ വകുപ്പുകളും ഏജൻസികളും, സംരംഭകരുമായി വിവധതലത്തിലുള്ള കൂടിക്കാഴ്ചകളും ആശയവിനിമയങ്ങളും നടത്തിയിരുന്നു. ദുബായ് സന്ദർശനത്തിന്റെ ഫലമായി ഇതിനകം 170 കോടി രൂപയുടെ നിക്ഷേപം വന്നിട്ടുണ്ട്. നിക്ഷേപ സാധ്യതകൾ സംബന്ധിച്ച തുടർചർച്ചകൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് മാത്രമേ കൂടുതൽ നിക്ഷേപം സംബന്ധിച്ച കൃത്യമായ ചിത്രം വ്യക്തമാകുകയുള്ളൂ. |
| (ഡി) | ഈ വർഷത്തെ യാത്രയുടെ ഫലമായി എത്ര കോടി രൂപയുടെ നിക്ഷേപം ഉണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നതെന്നറിയിക്കാമോ? | (ഡി) | ബഹു: മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ 03/10/2022 മുതൽ 12/10/2022 വരെ യുകെ, നോർവ്വേ തുടങ്ങിയ രാജ്യങ്ങളിൽ സന്ദർശനം നടത്തിയിരുന്നു. സന്ദർശനത്തിന്റെ ഭാഗമായി നിരവധി നിക്ഷേപ നിർദ്ദേശങ്ങൾ ഉണ്ടാവുകയും ധാരണാപത്രങ്ങൾ ഒപ്പുവയ്ക്കുകയും ചെയ്തിട്ടുണ്ട്. ഇക്കാര്യത്തിൽ തുടർനടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. നിക്ഷേപനിർദ്ദേശങ്ങളിൽ ഉൾപ്പെടുന്ന സംരംഭങ്ങൾ കേരളത്തിൽ ആരംഭിക്കുന്നതിന്റെ സാധ്യതകൾ ചർച്ചചെയ്യുന്നതിനായി 2023 ജനുവരിയിൽ ഒരു നോർവേ സംഘം കേരളം സന്ദർശിക്കുന്നുണ്ട്. തുടർ ചർച്ചകൾ പൂർത്തീകരിക്കുന്നമുറയ്ക്ക് മാത്രമേ നിക്ഷേപം സംബന്ധിച്ച കൂടുതൽ വിവരങ്ങൾ വ്യക്തമാകുകയുള്ളൂ. |

സെക്ഷൻ ഓഫീസർ